# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 970 07/02/2013 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഇ. എസ്. ഐ. കോർപ്പറേഷൻ കീഴിൽ എത്ര ഡിസ്പെൻസറികളും, ആശുപത്രികളുമാണ് പ്രവർത്തിച്ചു വരുന്നത്; അവ ഏതൊക്കെ; ഇതിന്റെ മാനദണ്ഡമെന്താണ്; | (എ). സംസ്ഥാനത്ത് 4 ആശുപത്രികളാണ് ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്. ഡിസ്പെൻസറികളൊന്നും ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.<br>മാനദണ്ഡങ്ങൾ<br>ഇ.എസ്.ഐ. കോർപ്പറേഷൻ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖകളനുസരിച്ചാണ് ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നത്.<br>ഇ.എസ്.ഐ ആശുപത്രികൾ<br>ഐ.പി.ഫാമിലി യൂണിറ്റുകളുടെ എണ്ണത്തിന് അനുസരിച്ചാണ് ആശുപത്രികൾ സ്ഥാപിക്കുന്നത്. ഇത് താഴെപറയും വിധമാണ്.<br>1. 50 കിടക്കകളുള്ള ആശുപത്രി - 50,000.ഐ.പി ഫാമിലി യൂണിറ്റുകൾ<br>2. 100 കിടക്കകളുള്ള ആശുപത്രി - 1,00,000 ഐ.പി.ഫാമിലി യൂണിറ്റുകൾ<br>3. 150 കിടക്കകളുള്ള ആശുപത്രി - 1,50,000 ഐ.പി ഫാമിലിയൂണിറ്റുകൾ |

(സി) തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി എന്നീ താലൂക്കുകൾ ഇ.എസ്.ഐ കോർപ്പറേഷന്റെ പരിധിയിൽ വരാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി). തിരുവല്ല താലൂക്കിൽ നിലവിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. ഇവിടെ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട് . പത്തനംതിട്ട കേന്ദ്രമാക്കി 5 ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇവിടെ ഡിസ്പെൻസറി സ്ഥാപിക്കുന്നതോടെ ബന്ധപ്പെട്ട പ്രദേശങ്ങൾ ഇ.എസ്.ഐ. പരിധിയിൽ വരുന്നതാണ്.

(ഡി) നിരവധി ക്രഷർ യൂണിറ്റുകളും, മറ്റ് ചെറുകിട വ്യവസായ സ്ഥാപനങ്ങളും, വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും ഉള്ള പത്തനംതിട്ട ജില്ലയിൽ നാല്പതിനായിരത്തിനടുത്ത് തൊഴിലാളികളുണ്ടായിട്ടും ഇവിടെ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ നൽകാത്തത് തൊഴിലാളികളോടുള്ള അവഗണനയല്ലേ;

(ഡി). പത്തനംതിട്ടയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കപ്പെടുന്നതോടെ തൊഴിലാളികൾക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

(ഇ) സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സംയുക്ത സംരംഭമായ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ പത്തനംതിട്ട ജില്ലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും ഇപ്പോൾ പ്രസ്തുത പരിധിയിലുൾപ്പെടാത്ത മറ്റു പ്രദേശങ്ങളെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ഇ).പത്തനം തിട്ടയിൽ ഒരു 5 ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

കോഴഞ്ചേരി താലൂക്കിലെ പത്തനംതിട്ട മുൻസിപ്പാലിറ്റിയിലും അതിനോട് ചേർന്ന 14 റവന്യൂ വില്ലേജുകളിലും ഇ.എസ്.ഐ.പദ്ധതി വ്യാപിപ്പിക്കുന്നതു സംബന്ധിച്ചുള്ള സർവ്വെ ഇ.എസ്.ഐ. കോർപ്പറേഷൻ ഇതിനകം നടത്തിയിട്ടുണ്ട്. ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

സെക്ഷൻ ഓഫീസർ